കഥ അവശേഷിപ്പിച്ച് പോയ ഒരാൾ

# മങ്ങിയ മിന്നാന്നി

രക്തം ചർദ്ദിക്കുന്ന ഇരുണ്ട കാർമേഘങ്ങൾ ആകാശത്ത് ഇരുണ്ട് കൂടി, ചാറി നടക്കുമ്പോൾ അവയിൽ നിന്ന് ഉതിരുന്ന മഴത്തുള്ളികൾ ഭൂമിയുടെ പ്രതലത്തിൽ വിഷാധത്തിന്റെ, നിഴലുകളായി അവിടിവിടെ തളം കെട്ടിനിന്നിരുന്നു. തളം കെട്ടിനിന്നിരുന്ന ജലം നർമ്മത്തിന്റെയും, ഹാസ്യത്തിന്റെയും, വിഷാധത്തിന്റെയുമെല്ലാം യോജിപ്പായിരുന്നു.

നഗരത്തിൽ നിന്നും നീങ്ങി, ഒരു കൊച്ചു ഗ്രാമത്തിലേക്ക് തിടക്കമിട്ട് ഒഴുകുന്ന ആ വീഥിയോരിയ ചിപ്യയ്ക്ക് കണ്ണ് തട്ടാതിരിക്കാനെന്നോണം കോലം പോലെ ഒരു കൊച്ചു കുടിൽ. ചേരിന് കട്ടകൊണ്ട് നിർമ്മിച്ചതെന്ന് പറയാമെങ്കിലും, 'ദാരിദ്ര്യം' എന്ന വാക്കിന്റെ മറുരൂപമായാണ് ആ കെട്ടിടം നിലനിന്നിരുന്നത്.

മഴയുടെ ആരംഭവും ഒടുക്കവും പരിമിത സമയത്തി-
നുള്ളിൽ അവസാനിച്ചിരുന്നു. പുഴയുടെ ഒഴുക്ക്
നന്നേ വർദ്ധിച്ചിരുന്നു. സന്ധ്യയോട് അടുക്കുമ്പോ-
ൾ ഇരുട്ടിന്റെ കാഠിന്യം വർദ്ധിച്ചു വന്നു. ആ
കൊച്ച് വീടിന്റെ ഉള്ളിൽ നേരിയ മെഴുകുതിരി
വെളിച്ചം തെളിഞ്ഞു. പൊട്ടിയ ജനൽപാളിയിലൂടെ
കിടപ്പുമുറിയിലേക്ക് ഇരച്ചു കയറിയ തെമ്മാടിക്കാ-
-റ്റ് ആ നേരിയ വെളിച്ചത്തെ ഊതി കെടു-
ത്താൻ ശ്രമിച്ചെങ്കിലും ആരതിയുടെ കൈവിരലു-
കളുടെ ആവരണം തകർക്കാൻ അതിനായില്ല.

കാറ്റ് കെടുകയില്ലെന്ന് ഉറപ്പുള്ള ഒരു
മൂലയിൽ മെഴുതിരി വെച്ച് ആരതി തിരിഞ്ഞു.
ജനൽപാളി വലിച്ചടച്ചു. തുരുമ്പെടുത്ത കൊളുത്ത്
ഊരാൻ ഇനിയൽപ്പം ബുദ്ധിമുട്ടേണ്ടി വരും
എന്ന് ബോധ്യം ഉണ്ടായിരുന്നെങ്കിലും ആരതി
വാതിൽ മുറുക്കെ അടച്ചു.

“ ന്താ.. ന്റെ കുട്ട്യേ നിച്ച് ഈ കാണിക്കണെ ? ”
മുറിയുടെ തെക്കേ മൂലയിൽ ഭിത്തിയോട് ചേർന്ന്

കിടക്കുന്ന ചൂരൽ കട്ടിലിൽ നിന്നും ഉയർന്ന തീർ-
ത്തും പതിഞ്ഞ സ്വരം ആരതിയെ തൊട്ടുണർത്തി.
അരണ്ട വെളിച്ചത്തിൽ, സംസാരിച്ചത് ചപ്യത്തിന്നി-
യാണ്. അടുത്തെത്തുമ്പോൾ.... അല്ല! അമ്മയാണ്!

കട്ടിലിനടിയിലേക്ക് വലിച്ചിട്ടിരുന്ന പ്ലാസ്റ്റിക്
കസേര അമ്മയുടെ തലയുടെ ഭാഗത്തേക്ക് ആരതി
നീക്കി. കസേരയിലേക്ക് ഒറ്റയിരുപ്പ് ഇരിക്കാനാവില്ല.
കാല് ഇളകി തുടങ്ങിയ ആ ചിരാവസ്ഥയിൽ
ഇരിക്കുമ്പോൾ സൂക്ഷ്മദർശനം നിർബന്ധമാണ്!

'നിക്ക് ഒട്ടും കാറ്റ് കിട്ടണില്ല്യ!'

വളരെ ബുദ്ധിമുട്ടിയാണ് അമ്മ രണ്ടാമത്തെ
വാചകം പൂർത്തിയാക്കിയത്. ആ ജന്മം ഇങ്ങനെ
ആണിപ്പോൾ. തുടർച്ചയായി രണ്ട് വാചകം പറഞ്ഞാ
ൽ പിന്നെ അമ്മയ്ക്ക് വയ്യ...!

'ജനൽ തൊറന്നാ തിരി അണയും അമ്മാ..'

നിവൃത്തി ഇല്ലായ്മ ആരതിയുടെ സ്വരത്തിൽ
വ്യക്തമാണ്.

വടക്ക് പൊട്ടിയ വരാന്തപ്പടിയിൽ ഇരിക്കുമ്പോൾ ആരതിയുടെ മനസ്സ് ശൂന്യമായിരുന്നു. മുന്നിൽ പുഴയാണ്. എത്ര പേരുടെ ജീവനെടുത്ത ചോരപ്പുഴ! എത്രയോ കുടുംബങ്ങളുടെ ആനന്ദത്തെ ഒഴുക്കിക്കളഞ്ഞ പുഴ! എത്ര അമ്മമാരുടെ ശാപം പതിച്ചിട്ടും ഗാംഭീര്യത്തോടെ ഒഴുകുന്ന പുഴയാണ് തനിക്ക് മുന്നിലൂടെ ഒഴുകുന്നതെന്ന് ഓർക്കുമ്പോൾ ആരതിക്ക് പുച്ഛമാണ്. തന്നെ കോരിയെടുത്ത് മരണത്തിന്റെ അനന്തതയിലേക്ക് എത്തിക്കാൻ എത്ര വട്ടം അവൾ ആ പുഴയോട് കെഞ്ചിയിട്ടുണ്ടെന്ന് അവൾക്കറിയില്ല.

കാർമേഘം മറഞ്ഞ്, നിലാവെളിച്ചം തടയപ്പെട്ടെങ്കിലും അൽപ്പസമയത്തിനുള്ളിൽ തന്നെ വെൺമയാർന്ന വെളിച്ചം പുഴയോളങ്ങളിൽ പതിഞ്ഞു. അങ്ങേക്കരയിൽ തലയുയർത്തി നിന്നിരുന്ന ചെമ്പകത്തിന്റെ വേരുകൾ പകുതിയും പുഴയിലൂടെ അടിത്തട്ടിലേക്ക് ഊർന്നിറങ്ങിയിരുന്നു. കാറ്റിന്റെ ദിശയ്ക്കും വേഗതയ്ക്കും അനുസരിച്ച്

ചുഴിയിലെ ഓളത്തിലും മാറ്റം ഉണ്ടായി.

"കിട്ട്യേ..."

ചപ്പുതുണിയിലൂടെ ശബ്ദം ആരതിയെ ചുഴിയിൽ നിന്ന് വലിച്ചിളക്കിയെടുത്തു. മുറിയിൽ വെളിച്ചം കുറച്ചുകൂടി മങ്ങിയതായി അവർക്കനുഭവപ്പെട്ടു.

"ന്താ അമ്മേ? മേല് വേദനിക്കിന്നിണ്ടോ?"

"ന്റെ തോള് ഇപ്പൊ ഊരി പോവും പോലെ!"

പച്ചമരുന്നിന്റെയും തൈലത്തിന്റെയും രൂക്ഷഗന്ധം തളം കെട്ടിനിന്നിരുന്ന ആ മുറിയിൽ ആരതിയുടെ മൂക്ക് ശരിയായി പ്രവർത്തിക്കാറില്ലായിരുന്നു. വർഷങ്ങളായി ശ്വസനപ്രശ്നം അനുഭവിക്കുന്നത് ഒരേ ഗന്ധമായതിനാലാവും.

കസേര കട്ടിലിനോട് നീക്കി, അമ്മയുടെ കൈകൾ ആരതി മടിയിൽ വെച്ചിരുന്നു. ഒന്നിൽ കൂടുതൽ മനുഷ്യ ശരീരത്തെ വഹിക്കാനുള്ള ശേഷി ആ കട്ടിലിനില്ലെന്ന് അവർക്ക് അറിയാമായിരുന്നു. തോളിൽ നിന്ന് കൈവിരലുകളിലേക്ക് പതിയെ തടവുമ്പോൾ, അമ്മയുടെ

മുഖത്ത് ഭാവഭേദങ്ങളുണ്ടോയെന്ന് നോക്കാൻ അവൾ മറന്നില്ല. വേദനകൂടുമ്പോൾ ആ കൊച്ചു മുഖത്ത് മിന്നിമറയുന്ന ഭാവങ്ങൾ കണ്ടുനിൽക്കാൻ അവൾക്ക് പലപ്പോഴും കഴിയാറില്ലായിരുന്നു.

പീള അടഞ്ഞ കണ്ണുകൾ ഏറെ നേരമായി അടഞ്ഞിരിക്കുന്നത് കണ്ടപ്പോൾ അമ്മ നിദ്രയിലാണ്ടുകഴിഞ്ഞു എന്നവൾ നിർണ്ണയിച്ചു. ചുരുട്ടിക്കടിനേക്കാൾ ബലം കുറഞ്ഞ, ~~ആ~~ തൊലിയുടെ ആവരണമുള്ള ആ എല്ലിൻകഷ്ണം സൂക്ഷ്മമായി അവൾ കട്ടിലേക്ക് വെച്ചു. ഒരു നിമിഷം അവൾ അമ്മയുടെ ശരീരം വീക്ഷിച്ചു. നിറം മങ്ങി, കീറലുകൾ പതിഞ്ഞ [illegible] ആ സ്ത്രീയുടെ രൂപം കൂടുതൽ ഭയാനകമാക്കുന്നുവെന്ന് അവൾ തിരിച്ചറിഞ്ഞു.

കസേരയിൽ നിന്ന് കാല് നീട്ടി എഴുന്നേൽക്കുമ്പോൾ കട്ടിലിനടിയിൽ എന്തോ ഒന്നിൽ ആരതിയുടെ കാല് തട്ടി. കുനിഞ്ഞെടുത്തപ്പോൾ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 318

കിങ്ങിമച്ചെപ്പാണ്. വലിയ ചെമ്പ് നിറമുള്ള ആ ചെപ്പിന്റെ ഉപയോഗം തന്നെ നിലച്ചതാണ്!

"ന്റെ കുട്ടിക്ക്, ഇപ്പഴും സങ്കടം ഉണ്ടല്ലേ!" ഇറുക്കിയടച്ച കണ്ണുകൾ പാടുപെട്ട് തുറക്കുന്നതിനിടയിൽ അമ്മ പറഞ്ഞു.

"അമ്മ ഉറങ്ങീല്ലേ? ഞാൻ കരുതി ഉറക്കം പിടിച്ചിട്ടുണ്ടാവുന്ന്!"

ഒഴിഞ്ഞ തൈലപാത്രങ്ങളോടൊപ്പം കിങ്ങിമച്ചെപ്പ് അലക്ഷ്യമായി വെക്കുന്നതിനിടയിൽ അവൾ പറഞ്ഞു. കേട്ട് മടുത്ത ചോദ്യമാണ്. സങ്കടം ഇല്ലേന്ന്!! ഇല്ല. ഒട്ടും തോന്നാറില്ല ആ വികാരം ഇപ്പോൾ. എന്നോ വറ്റിവരണ്ട കിണറാണ് ആരതിയുടെ കണ്ണുകൾ. ഒരാൾക്ക് വേണ്ടി മാത്രം വെള്ളം കോരി വറ്റിയ കിണറിൽ പിന്നീട് നീരുറവ ഉടലെടുക്കാൻ ഇനി പ്രയാസമാണ്.

"ന്റെ മോൻ പോയി... ഞാനും പോവും. പിന്നെ ന്റെ കുട്ടിക്ക് ആരുല്യ!"

വൃദ്ധയുടെ ആവലാതികൾക്ക് പരിമിതികളില്ല.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 640 Participant Code: 318

"അമ്മ കെടന്നോളൂ!"

മങ്ങിയ മെഴുകുതിരി കൈയ്യിലെടുത്ത് വീണ്ടും വരാന്തപ്പടിയിലേക്ക് ആരതി നീങ്ങി. സ്വസ്ഥമായി ചിന്തിച്ചിരിക്കാൻ അവൾക്ക് ഏറ്റവും പ്രിയപ്പെട്ട സ്ഥലം.

മെഴുകുതിരി ഉരുകിത്തീരാറായിരുന്നു. വെളിച്ചം വെട്ടി വെട്ടി കത്തിയപ്പോൾ അതോടൊപ്പം ആരതിക്കുള്ളിൽ ഓർമ്മയുടെ തീനാളവും മങ്ങിക്കത്തി. മകന്റെ കത്ത് വന്നോ എന്ന് ~~[illegible]~~ ദിവസേന അന്വേഷിക്കുന്ന അമ്മയ്ക്ക് നൽകിയ കള്ള മറുപടികളാണ് ആദ്യം തെളിഞ്ഞ തീപ്പൊരി. ഇപ്രാവശ്യം കത്ത് വന്നെന്ന് പറഞ്ഞ് ~~[illegible]~~ അമ്മയെ ആനന്ദിപ്പിക്കുമ്പോൾ ഉള്ളിൽ ~~[illegible]~~ കുറ്റബോധം ആയിരുന്നു.

"എന്റെ ഭഗവാനേ! എത്രയാ ആ പാവത്തെ ഞാൻ പൊട്ടിയാക്കുന്നത്!?"

ഒറ്റയ്ക്കിരിക്കുമ്പോൾ തോന്നുന്ന ഈ വിധത്തിലുള്ള ചിന്തകൾക്ക് മറുപടി അവൾ സ്വയം ചികഞ്ഞ്

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

കണ്ടുപിടിക്കും. അതിൽ വ്യക്തമായ ഒരു ന്യായീകരണത്തിന്റെ കിരണമുണ്ടാവും. കള്ളങ്ങളുടെ കിന്നാരം വർദ്ധിച്ചപ്പോൾ ആരതി ഇത്തവണ ഭർത്താവിന് ജോലിയിൽ സ്ഥാനക്കയറ്റം നൽകിയെന്നതിന് ഒന്നുമില്ലാതായി. ഒടുവിൽ പറയാൻ കള്ളങ്ങൾ ബാക്കിയില്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ മനഃസാക്ഷിയില്ലാത്ത അവസാനത്തെ കള്ളം അഴിച്ചുവിടുകയായിരുന്നു. ആരതി നാട്ടിലേക്ക് വരുന്നതിനിടയിൽ ട്രെയിൻ അപകടത്തിൽ അമ്മയുടെ മകൻ മരിച്ചു. ശരീരാവശിഷ്ടം പോലും ലഭിച്ചില്ല... അവസാന കള്ളം. പറഞ്ഞ ആ രാത്രിയാണ് വീർപ്പുമുട്ടലുകളില്ലാതെ അവൾ ഏറെനാളുകൾക്ക് ശേഷം ഉറങ്ങിയത്.

അമ്മയുടെ മനസ്സിൽ മകൻ മരിച്ചു. ആരതിയുടെ മനസ്സിൽ താലി ചാർത്തിയ ചിരിച്ചവൻ ജീവിച്ചും മരിച്ചും നിലനിന്നു. രണ്ട് ജന്മങ്ങളുടെ ജീവിതകഥ തുടർന്ന് എന്താകും എന്ന് നിർണ്ണയിക്കാൻ പോലും വഴിയൊരുക്കാതെയാണ്

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 640 Participant Code: 318

ആ മനുഷ്യൻ കടന്നത്. അയാൾ ജീവിക്കുന്നു... എല്ലാ സുഖങ്ങളും അനുഭവിച്ച്, വഴിയടഞ്ഞ രണ്ട് ജീവനുകളെപ്പറ്റി ചിന്തയില്ലാതെ മറ്റേതോ രാജ്യത്ത് !

നിലാവെളിച്ചം കൂടുതൽ മൂർച്ചയോടെ ചില്ലയിലൂടെ ആഴങ്ങളിലേക്ക് കുത്തിത്തുളച്ച് കയറി. വരണ്ടുപൊട്ടിയ ആരതിയുടെ കാൽപ്പാദം ചില്ലവരികിലേക്ക് നടന്നടുത്തു. വരാന്തപ്പടിയിൽ മെഴുകുതിരിയുണ്ട്. ദിക്കറിയാതെ വീശിയെത്തിയ കാറ്റ് ചില്ലക്കോലങ്ങൾ-ക്കൊപ്പം ആരതിയുടെ സാരിത്തുമ്പിനെയും വീശിപ്പറപ്പിച്ചു. ഒരു കാലത്ത് ചെമ്പരത്തിനിറത്തിന്റെ നിറമുള്ള തുണിയിൽ കറുത്ത പൂക്കൾ തുന്നിവരച്ച സാരി ആയിരുന്നു അത്. ഇന്ന് നിറങ്ങൾ മങ്ങി-ന്ന് മങ്ങി, കേവലം പിഞ്ഞിയ ഒരു 'തുണി' മാത്രം. ആണത്. നിലാവെളിച്ചം ആരതിയുടെ മുഖത്തേക്കും പതിച്ചിരുന്നു. കഥ നിലച്ച പെൺകുട്ടിയുടെ മുഖം മാത്രം ശോഭയോടെ അവശേഷിച്ചതിൽ അത്ഭുതം ഉണ്ട്.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

Item Code: 640 Participant Code: 318.

വരണ്ട പാദങ്ങൾ ഈറനണിയുകയാണ്.
രക്തം തുപ്പാൻ വീണ്ടും കാർമേഘങ്ങൾ തയ്യാ-
റെടുക്കുന്നു. ചുവന്ന രക്തം ~~കു~~ കറുത്ത വിഷാദത്തിന്റെ നിഴലാവും.
കാറ്റ് അല്പം കൂടി ശക്തിയായി വീശി.
സാരിയുടെ മുന്താണി കാറ്റിലലയുന്ന പ്രേതാത്മാ-
വിനെപ്പോലെ അന്തരീക്ഷത്തിൽ പാറിപ്പറന്നു.
കാറ്റിൽ കൊഴിയുന്ന ചെമ്പകത്തിന്റെ പൂക്കൾ
പുഴയെ പുതപ്പണിയിച്ചു.
മുറിയിൽ പഴന്തുണിയുടെ ചലനം ഉറക്കത്തിൽ
അമർന്നിരുന്നു. വൃദ്ധയുടെ സ്വപ്നത്തിൻ കഥ
അവശേഷിപ്പിച്ചുപോയ അതേ വ്യക്തിയാണ്.

വരാന്തപ്പടിയിൽ ഇരുന്ന് മെഴുകുതിരി വെളിച്ചം
പൂർണ്ണമായും മങ്ങി മറഞ്ഞു...

രാത്രിയുടെ അഗാധതയിൽ പുഴയോളങ്ങളുടെ
ശബ്ദം മാത്രം. ചോര വിഴുങ്ങാൻ വെപ്രാളപ്പെട്ട്
പായുന്ന ജലത്തിന്റെ വിങ്ങൽ!!

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)